പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1646

10.02.2020-ൽ മറുപടിക്ക്

**ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റി നിയമനങ്ങൾ**

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | | മറുപടി<br>എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|---|
| എ) | ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയുടെ ബൈലോ & റൂൾസ് പ്രകാരം ജീവനക്കാരുടെ നിയമനം സർക്കാരിന്റെ അധികാരപരിധിയിൽ വരുന്നതാണോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | എ) അനുവദനീയമായ തസ്തികകളിൽ പ്രൊമോഷൻ/ഓപ്പൺ റിക്രൂട്ട്മെന്റ്/ ഡെപ്യൂട്ടേഷൻ എന്നീ നിയമനങ്ങൾ അംഗീകൃത റൂൾസ് & റെഗുലേഷൻസ് പ്രകാരം നടത്തുന്നത്, ഇൻഫർമേഷൻ കേരള മിഷന്റെ ബൈലോ 12.13 പ്രകാരം, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാര പരിധിയിൽ വരുന്നതാണ്. |
| ബി) | ഐ.കെ.എം. സൊസൈറ്റിയിലെ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് നിലവിൽ ഉണ്ടോ; സ്പെഷ്യൽ റൂൾസ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ സർക്കാർ ഐ.കെ.എം.-നോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; | ബി) ഇല്ല. സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള കരട് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ സർക്കാർ ഐ.കെ.എം-ന് പ്രത്യേക നിർദേശം നൽകിയിരുന്നു. കത്തിന്റെ പകർപ്പ് അനുബന്ധം-1 ആയി ചേർക്കുന്നു. |
| സി) | ഐ.കെ.എം. സൊസൈറ്റിയിലെ കരാർ നിയമനങ്ങൾക്ക് ധനകാര്യ വകുപ്പിന്റെ ജി.ഒ.(പി)നം:27/2016/FIN dt.26/02/2016 ഉത്തരവ് ബാധകമാണോ; കരാർ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റിന് അർഹതയുണ്ടോയെന്ന് അറിയിക്കാമോ; | സി) ധനകാര്യ വകുപ്പിന്റെ ജി.ഒ. (പി)നം:27/2016/FIN dt.26/02/2016 ഉത്തരവ് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും (Autonomous Bodies) ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്കും ബാധകമാണ്. 22/12/2012-ലെ സ.ഉ. |

(കൈ)നം.343/2012/ തസ്വഭവ പ്രകാരം ഇൻഫർമേഷൻ കേരള മിഷനെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്യുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. നിലവിൽ കരാർ നിയമനങ്ങൾ ഒരു വർഷത്തേയ്ക്ക് മാത്രം നടത്തുകയും ആവശ്യകതയുടെ അടിസ്ഥാനത്തിൽ ദീർഘിപ്പിക്കുകയുമാണ് ചെയ്തുവരുന്നത്. ഇപ്രകാരം നിയമിക്കപ്പെടുന്ന കരാർ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റിന് അർഹതയില്ല.

ഡി) ഐ.കെ.എം. സൊസൈറ്റിയിൽ സർക്കാരിൽ നിന്ന് നിർബന്ധമായും അംഗീകാരം വാങ്ങേണ്ട കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ഇക്കാര്യങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കാനുള്ള സർക്കാർ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഡി) ഐ.കെ.എം.-ന്റെ ബൈലോ പ്രകാരം സർക്കാരിൽ നിന്നും നിർബന്ധമായും മുൻകൂർ അംഗീകാരം വാങ്ങേണ്ട കാര്യങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. ഇക്കാര്യങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ നിലവിൽ ഇല്ല. എന്നാൽ ഐ.കെ.എം- ന്റെ പ്രവർത്തനങ്ങൾ സർക്കാർ അവലോകനം ചെയ്യാറുണ്ട്.

സെക്ഷൻ ഓഫീസർ.

ഭരണഭാഷ - മാതൃഭാഷ

അനുബന്ധം - 1

കേരള സർക്കാർ

YEARS OF CELEBRATING THE MAHATMA

നം.തസ്വഭവ-ഐബി1/78/2018-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്
തിരുവനന്തപുരം, തീയതി, 03.2018,

അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- ഇൻഫർമേഷൻ കേരള മിഷൻ — ജീവനക്കാരുടെ ലീവ് സറണ്ടർ സംബന്ധിച്ച്.

സൂചന:- 1) 31/08/2017-ലെ G.O(P)No.176/2017/LSGD
2) താങ്കളുടെ ഓഫീസിലെ 05/03/2018-ലെ 365/ഇ 4/ഐ.കെ.എം നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഐ.കെ.എം പുനരുദ്ധാരണവും, ശമ്പളപരിഷ്കരണവും സംബന്ധിച്ച നാലംഗ സമിതി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് കൊണ്ടുള്ള പരാമർശ ഉത്തരവിലെ വ്യവസ്ഥ പ്രകാരം ഐ.കെ.എം -ൽ സർവ്വീസ് റൂൾസ് രൂപീകരിക്കുന്നതുവരെ കേരള സർവ്വീസ് റൂൾസ് ബാധകമാണെന്ന് അംഗീകരിച്ചിട്ടുള്ളതിനാൽ അവിടുത്തെ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെൻറ്, ലീവ് സറണ്ടർ തുടങ്ങിയ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ടി ആനുകൂല്യങ്ങൾക്ക് 01/09/2017 മുതൽ പ്രാബല്യം നൽകാവുന്നതാണ്.

സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള കരട് പ്രോപ്പോസൽ താമസംവിനാ സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,,

ശ്രീകല. സി.എസ്
ഡെപ്യൂട്ടി സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ,
Sd/-
സെക്ഷൻ ഓഫീസർ

[signature]
സെക്ഷൻ ഓഫീസർ

അനുബന്ധം - 2

**19. Matters in respect of which prior approval of Government is necessary**

The following matters shall require the prior approval of Government

a. Creation of posts
b. Foreign tours of officials and members of the committee.
c. Amendment to the Memorandum of Association and Rules and Regulation of the Society.
d. Adoption of Annual Action Plan

e. Adoption of Annual Budget duly passed by the Governing Body. If the budget is not passed by the Governing Body by 28th February, the same shall be referred to Government by the Executive Committee and the Government shall take appropriate decisions thereon on or before 31st March.
f. Service conditions of employees including pay and allowances
g. Approval of any agreement involving foreign collaboration proposed to be entered into by IKM.
h. Appointment of officers to hold enquiry into the affairs of IKM, winding up or dissolution of IKM and to take over the administration and assets of IKM in *case it's working proves to be not in compliance with the set objectives of* IKM.